പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2195 — 6.2.2019 ൽ മറുപടിയ്ക്ക്

# ഗവൺമെന്റ് ഗ്രാന്റ് ലഭിക്കുന്ന അൺഎയിഡഡ് സ്പെഷ്യൽ സ്കൂളുകൾ

ചോദ്യം — മറുപടി

ശ്രീ.എസ്.ശർമ്മ

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സാമൂഹ്യ നീതി വകുപ്പ് മുഖേന ഗവൺമെന്റ് ഗ്രാന്റ് ലഭിക്കുന്ന എത്ര അൺഎയിഡഡ് സ്പെഷ്യൽ സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;<br>(ബി) ഇവയിൽ എത്ര അദ്ധ്യാപകരും അനദ്ധ്യാപകരും ജോലി ചെയ്യുന്നുണ്ടെന്നും ഇവർക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം എത്രയാണെന്നും അറിയിക്കുമോ; | (എ) & (ബി) പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച സ്പെഷ്യൽ സ്കൂളുകൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നില്ല |
| (സി) പ്രസ്തുത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് സമഗ്ര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഈ പാക്കേജ് എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) ഉണ്ട്. പ്രസ്തുത പാക്കേജ് പ്രകാരം 01.01.2019 മുതൽ ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ഡി) സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിനായി ഏതെങ്കിലും കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അൺഎയ്ഡഡ് സ്പെഷ്യൽ സ്കൂളുകളുടെ ഗ്രെയിഡിംഗ് നടത്തുന്നതിലേയ്ക്ക് ഓരോ ജില്ലയിലും ജില്ലാ സാമൂഹ്യ നീതി ഓഫീസർ, ഡി.എം.ഒ-യുടെ പ്രതിനിധി (ഒരു ഡോക്ടർ), വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങുന്ന ഒരു ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ